# മാർത്തോമ്മാ സുവിശേഷ സേവികാസംഘം

**മഞ്ഞാടി പി.ഒ., തിരുവല്ല**

കർത്താവിൽ പ്രിയരെ, ക്രിസ്തുയേശുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

ദൈവത്തിന്റെ അളവറ്റ കൃപയാൽ എല്ലാവരും സൗഖ്യമായിരിക്കുന്നു എന്നു കരുതട്ടെ. നമ്മുടെ സേവികാസംഘത്തിന്റെ 2019-2020 ലെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടത്തുവാൻ ദൈവം കൃപ ചെയ്തു. മാർച്ച് മാസത്തിൽ അഖിലലോക പ്രാർത്ഥനാദിനവും അന്താരാഷ്ട്ര വനിതാദിനവും ഏകോപിപ്പിച്ചുള്ള മീറ്റിംഗ് നടന്നു. കോവിഡ്-19 കാരണം പിന്നീട് ലോക്ഡൗൺ പ്രഖ്യാപിക്കപ്പെട്ടതിനാൽ കലാമത്സരം, കാണ്ടമ്മ അനുസ്മരണ പ്രഭാഷണം, ശാലേം കുടുംബസമ്മേളനം, 2019-2020ലെ വാർഷിക സമ്മേളനം, പുതിയ ടേമിലേക്കുള്ള തെരഞ്ഞെടുപ്പ്, ശാഖാ ചുമതലക്കാരുടെ സമ്മേളനം ഇവയൊന്നും നടത്താൻ സാധിച്ചില്ല. എത്രയും വേഗം രോഗശമനം വരുന്നതിനും അതിനായി പ്രവർത്തിക്കുന്നവർക്കായും സംഘപ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടത്തപ്പെടുന്നതിനും നമുക്കു പ്രാർത്ഥിക്കാം.

സേവികാസംഘം ക്യാമ്പസിൽ ലോക്ഡൗണിനു മുമ്പു തുടങ്ങിവച്ച റിനോവേഷൻ വർക്കുകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. തെള്ളിയൂർ പ്രത്യാശാനിലയത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു.

ഈ വർഷത്തെ സേവികാസംഘദിനം സെപ്റ്റംബർ 13 ഞായറാഴ്ചയും സേവികാസംഘവാരം സെപ്റ്റംബർ 7-13 വരെയുമാണല്ലോ. സംഘദിന പ്രത്യേക ആരാധന അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടി തയ്യാറാക്കിയത് (മലയാളത്തിലും ഇംഗ്ലീഷിലും), ബ്രോഷറും അച്ചന്മാരുടെ ഇമെയിലിലും വെബ്സൈറ്റിലും വാട്സ് ആപ്പുകളിലും കൂടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെപ്റ്റംബർ മാസം വനിതാബോധിനി മാസമായും വേർതിരിച്ചിരിക്കുകയാണ്. വനിതാബോധിനിയുടെ സെപ്റ്റംബർ ലക്കത്തിലും ബ്രോഷർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സേവികാസംഘദിനത്തിൽ രാവിലെ 9 മണിക്ക് സഭയായി ക്രമീകരിക്കുന്ന ആരാധനയിൽ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സംഘദിനത്തിൽ നമുക്കൊരുമിച്ച് അങ്ങനെ ദൈവത്തെ ആരാധിക്കാം. ലിങ്ക് ലഭിക്കുന്നതനുസരിച്ച് അയച്ചു തരാം. ആരാധനയുടെ അനുഗ്രഹത്തിനായി എല്ലാവരും പ്രാർത്ഥിക്കണം. സേവികാസംഘവാരത്തിൽ ഭവനസന്ദർശനങ്ങൾ സാധ്യമല്ലല്ലോ. എന്നാൽ സാധിക്കുന്ന രീതിയിൽ സൗജന്യദാനം ശേഖരിച്ച് ലഭിക്കുന്ന തുക സംഘം ഓഫീസിൽ അയച്ചു തരികയും ചെയ്യണം. സംഘദിന സ്തോത്രകാഴ്ച അതതു ഭദ്രാസനങ്ങൾക്കു നൽകണം.

ഈ വർഷത്തെ സംഘദിനവിഷയം : "സ്ത്രീകൾ മാറ്റത്തിനു വഴിയൊരുക്കുന്നവർ" എന്നാണല്ലോ. ആയിരിക്കുന്ന ഇടങ്ങളിൽ ക്രിസ്തുവുമായുള്ള ബന്ധത്തിൽ ഗുണപരമായ മാറ്റം സംഭവിച്ചു മാറ്റത്തിനു വഴി ഒരുക്കുന്നവരായിത്തീരാൻ നമുക്കു സാധിക്കണം. ശമര്യസ്ത്രീ സ്വയം മാറി മാറ്റത്തിനു വഴി ഒരുക്കി. ധാരാളം വനിതകൾ നമുക്കു മുമ്പിലുണ്ട് അവർ നമുക്കു മാതൃകയാകട്ടെ. പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ ചില വാക്കുകൾ ഉദ്ധരിക്കട്ടെ. "സേവികാസംഘത്തിന്റെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും പ്രാപ്തിപോലെ പ്രവർത്തനങ്ങൾക്കായി സംഭാവന നൽകുകയും ചെയ്ത് സംഘത്തിന്റെ ശുശ്രൂഷകളെ പരിപോഷിപ്പിക്കുമല്ലോ. വിവിധ ശുശ്രൂഷാമേഖലകളിൽ പ്രവർത്തിക്കുവാൻ പ്രാപ്തരും സമർപ്പിതരുമായ പ്രവർത്തകർ സന്നദ്ധരായി വരണം. പൂർണ്ണസമയം സുവിശേഷവേലയ്ക്കായും അങ്ങനെ സാധിക്കാത്ത നമ്മുടെ യുവതികൾ ഹ്രസ്വകാലഘട്ടത്തിലെങ്കിലും ദൈവരാജ്യ ശുശ്രൂഷയിൽ പങ്കാളികളാകണമെന്നും സ്നേഹത്തോടെ ഉദ്ബോധിപ്പിക്കുന്നു.

സഭയിലും സമൂഹത്തിലും പുരുഷന്മാരോടോപ്പം വൈവിധ്യമാർന്ന ദൗത്യമേഖലകളിൽ നമ്മുടെ സ്ത്രീകൾ പങ്കാളികളാകുവാനും പൂർവ്വ മാതാപിതാക്കളുടെ വിശ്വാസ സ്ഥിരതയും സാക്ഷ്യവും ഇന്നത്തെ തലമുറയ്ക്ക് പകർന്നു നൽകുവാനും ഈ വർഷത്തെ സേവികാസംഘ വാരാചരണത്തിലൂടെ സാധ്യമായിത്തീരട്ടെ."

ആജ്ഞാനുസരണം

**മിനി ജോയ്സ് തോമസ്**
ജനറൽ സെക്രട്ടറി

### മാർത്തോമ്മാ സുവിശേഷ സേവികാസംഘം

# സേവികാ സംഘദിനം

### 2020 സെപ്റ്റംബർ 13 ഞായർ

*(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടു കൂടിയത്)*

## ആരാധനക്രമം

പാട്ട് :

കൗമ്മാ :

അപേക്ഷ :

സർവ്വ സൃഷ്ടികളുടേയും നാഥനായ ദൈവമേ, നീ അനാദിയായും ശാശ്വതമായും ഞങ്ങളുടെ ദൈവമാകയാൽ നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. വ്യത്യസ്തതകളെ സ്നേഹിക്കുവാനും കരുതുവാനും ബഹുമാനിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കുന്ന ദൈവമേ, ദൈവരാജ്യത്തിന്റെ നിർമ്മിതിയിൽ സഭയിലൂടെ ഭാഗഭാക്കാകുവാൻ കഴിഞ്ഞ 101 വർഷം ഞങ്ങളെ സഹായിച്ചതിനാൽ നിനക്കു ഞങ്ങൾ മഹത്വം കരേറ്റുന്നു. ഞങ്ങളുടെ ബലഹീനതകളിൽ നിന്റെ പരിശുദ്ധാത്മാവിന്റെ നിരന്തര സാന്നിദ്ധ്യത്താൽ ഞങ്ങളെ പുതുക്കുന്നതിൽ നിനക്കു ഞങ്ങൾ സ്തുതി കരേറ്റുന്നു. സേവികാസംഘദിന ആരാധന തിരുനാമ മഹത്വത്തിനായി ഭവിക്കണമേ. യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നെ.

ജനം : ആമേൻ

## അനുതാപ പ്രാർത്ഥന

“ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല” (സങ്കീ:51:17).

**“ദൈവമേ, കരുണ തോന്നി ഞങ്ങളോട് ക്ഷമിക്കണമേ”**

എന്നു പ്രതിവാക്യമായി പറയണം

“ ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്ക് ഒരു വിശുദ്ധ മന്ദിരം ഉണ്ടാക്കേണം” (പുറ:25:8).

ലീഡർ : കൃപാലുവായ ദൈവമേ, സാമൂഹിക നിർമ്മിതിയിൽ നിനക്കു വിശുദ്ധ മന്ദിരങ്ങളായി തീരേണ്ട ഞങ്ങൾ, ഞങ്ങളുടെ വിളിയേയും തെരഞ്ഞെടുപ്പിനേയും മറന്ന് ജീവിച്ചുപോയ കുറവിനെ...

പ്രതി : ദൈവമേ, കരുണ തോന്നി ഞങ്ങളോട് ക്ഷമിക്കണമേ

“യെരുശലേമേ, എന്റെ ഉള്ളം നിന്നെ വിട്ടുപിരിയാതെയും ഞാൻ നിന്നെ ശൂന്യവും നിർജനപ്രദേശവും ആക്കാതെയും ഇരിക്കേണ്ടതിന് ഉപദേശം കൈക്കൊൾക” (യിരെ:6:8).

ലീഡർ : സ്ത്രീകൾ ദൈവരാജ്യ ശുശ്രൂഷയിൽ തുല്യപങ്കാളികൾ എന്ന് അറിഞ്ഞിട്ടും, പോരായ്മകൾ നിരത്തി പ്രവർത്തനങ്ങളിൽ നിന്നും അകലം പാലിച്ചതും ക്രിസ്തുവിന്റെ ശിഷ്യത്വത്തെ തിരസ്കരിച്ച് പ്രബോധനങ്ങളെ മനസ്സോടെ സ്വീകരിക്കാതിരുന്നതുമായ കുറവിനെ...

പ്രതി : ദൈവമേ, കരുണ തോന്നി ഞങ്ങളോട് ക്ഷമിക്കണമേ.

*" ബലഹീനന്മാരെ നേടേണ്ടതിനു ഞാൻ ബലഹീനർക്കു ബലഹീനനായി; ഏതു വിധത്തിലും ചിലരെ രക്ഷിക്കേണ്ടതിനു ഞാൻ എല്ലാവർക്കും എല്ലാമായിത്തീർന്നു" (1 കൊരി: 9:22).*

ലീഡർ : സ്ത്രീകൾ മാറ്റങ്ങൾക്കു വഴി ഒരുക്കേണ്ടവർ എന്നറിഞ്ഞിട്ടും ബലഹീനരെ കരുതുവാനും, രോഗികൾക്കു ആശ്വാസമാകുവാനും, പീഡിതരെ വിടുവിക്കുവാനും സാധ്യമാകാതെ സ്വന്തം ഉയർച്ചയ്ക്കും നന്മയ്ക്കുമായി പ്രയത്നിച്ച കുറവുകളെ....

പ്രതി : ദൈവമേ, കരുണ തോന്നി ഞങ്ങളോട് ക്ഷമിക്കണമേ.

# സ്തോത്ര പ്രാർത്ഥന

"യഹോവയെ സ്തുതിപ്പിൻ. ഞാൻ നേരുള്ളവരുടെ സംഘത്തിലും സഭയിലും പൂർണ്ണ ഹൃദയത്തോടെ യഹോവയ്ക്ക് സ്തോത്രം ചെയ്യും" (സങ്കീ:111:1).

**"നിൻ മഹാകൃപയ്ക്കായി നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും"**

എന്നു പ്രതിഗാനമായി പാടണം.

ലീഡർ : ആഗോളക്രൈസ്തവ സഭയ്ക്കായും പ്രത്യേകിച്ച് ഞങ്ങളുടെ വിശ്വാസ രൂപീകരണത്തിനും ആത്മീയ പരിപോഷണത്തിനും കാരണമായിത്തീർന്ന നിർമ്മല സുവിശേഷവും സത്യോപദേശം, നീതിബോധം, ധാർമ്മികത തുടങ്ങിയ മൂല്യങ്ങളും ഞങ്ങളിൽ സംവേദിപ്പിച്ച മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും നേതൃത്വം നൽകുന്ന അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി, വലിയ മെത്രാപ്പോലീത്താ തിരുമേനി, സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനി, എപ്പിസ്കോപ്പാ തിരുമേനിമാർ, പട്ടക്കാർ, സുവിശേഷകർ,സണ്ടേസ്കൂൾ അദ്ധ്യാപകർ, മാതാപിതാക്കൾ എന്നിവർക്കായും സഭയിലൂടെ ഞങ്ങൾക്കു ലഭിച്ചു കൊണ്ടിരിക്കുന്ന ആത്മീയ വെളിച്ചത്തിനായും ദൈവമേ.....

പ്രതി : നിൻ മഹാകൃപയ്ക്കായി നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും

ലീഡർ : സുവിശേഷഘോഷണത്തിലൂടെ സാമൂഹ്യ പരിവർത്തനത്തിന്റെ വക്താക്കളാകുവാൻ മാർത്തോമ്മാ സുവിശേഷ സേവികാസംഘമായി ഞങ്ങളെ വിളിച്ച് വേർതിരിച്ച ദൈവമേ ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. നിസ്വാർത്ഥമായി കഠിനാദ്ധ്വാനം ചെയ്ത ഞങ്ങളുടെ പൂർവ്വ മാതാക്കൾക്കായും ഇപ്പോഴും വിവിധ ഇടങ്ങളിൽ തങ്ങളാലാവോളം മാറ്റത്തിന്റെ ചാലകശക്തികളായി ലോകത്തെ പ്രകാശിപ്പിക്കുന്ന ശ്രേഷ്ഠ വനിതകൾക്കായും ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.

പ്രതി : നിൻ മഹാകൃപയ്ക്കായി നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും

ലീഡർ : ലോകത്തിനു ആശ്വാസമായി, സാന്ത്വനമായി പ്രവർത്തിക്കുന്ന ആതുര ശുശ്രൂഷകർ, നിയമപാലകർ, രാജ്യസുരക്ഷിതത്വത്തിനായി പ്രവർത്തിക്കുന്നവർ, അവരുടെ കുടുംബാംഗങ്ങൾ അവരിലൂടെ പ്രത്യേകാൽ സാമൂഹിക നിർമ്മിതിക്കായി പ്രവർത്തിക്കുന്ന എല്ലാ വനിതകളേയും ഞങ്ങൾക്കു ലഭ്യമാക്കുന്ന ദൈവസ്നേഹത്തിനും കരുണയ്ക്കും ആശ്വാസത്തിനുമായി ദൈവമേ, ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.

പ്രതി : നിൻ മഹാകൃപയ്ക്കായി നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും

## മദ്ധ്യസ്ഥ പ്രാർത്ഥന

"നീ പണ്ടുപണ്ടേ സമ്പാദിച്ച നിന്റെ സഭയെയും നീ വീണ്ടെടുത്ത നിന്റെ
അവകാശഗോത്രത്തെയും നീ വസിച്ചുപോന്ന സീയോൻ
പർവ്വതത്തെയും ഓർക്കേണമേ " (സങ്കീ: 74:2)

**"ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ"**

എന്നു പ്രതിവാക്യമായി പറയണം.

ലീഡർ : മനുഷ്യരെ നിർമ്മിച്ച് ജീവശ്വാസം നൽകിയ ദൈവമേ, പരസ്പര ബഹുമാനത്തോടെയും കരുതലോടെയും പ്രവർത്തിക്കുവാനും വ്യത്യസ്തതകളെ അംഗീകരിക്കുവാനും, ഞങ്ങളെ പ്രാപ്തരാക്കേണമേ. അതിനായി പ്രവർത്തിക്കുന്ന എല്ലാ സ്ത്രീ ശാക്തീകരണ സംഘടനകൾക്കായും പ്രത്യേകിച്ച് മലങ്കര മാർത്തോമ്മാ സുവിശേഷ സേവികാസംഘത്തിനായും, പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനി, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറാർ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, സേവിനിമാർ, ഓഫീസ് സ്റ്റാഫ്, ഭദ്രാസന, സെന്റർ, സോൺ ശാഖ ചുമതലക്കാർ, സംഘാംഗങ്ങൾ എന്നിവർക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

പ്രതി : ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ : മാർത്തോമ്മാ സുവിശേഷ സേവികാസംഘത്തിന്റെ വിവിധ പ്രവർത്തനങ്ങളുടെ അനുഗ്രഹങ്ങൾക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. സംഘത്തിന്റെ വിവിധ പ്രവർത്തനങ്ങളായ വനിതാമന്ദിരം, ശാലേംഭവനം, ബാലികാഭവൻ, സ്നേഹതീരം ഹാഫ്‌വേഹോം, സ്ത്രീജന വികസനസമിതി, നേഴ്സറി ടീച്ചേഴ്സ് ട്രെയ്നിംഗ് സ്കൂൾ, കെ.ജി.& യു.പി. സ്കൂൾ, ആശ്രമങ്ങൾ, ഹോസ്റ്റലുകൾ, നേഴ്സറി സ്കൂൾ, വിശ്രാന്തി ഭവൻ, അണക്കര, മൂക്കുതല, നിലമ്പൂർ, നെടുവാലൂർ എന്നീ മിഷൻ ഫീൽഡുകൾ കേന്ദ്രമാക്കി നടത്തപ്പെടുന്ന പ്രവർത്തനങ്ങൾ, തയ്യൽ ശാല, വനിതാബോധിനി, കുടുംബജ്യോതി ഇവയുടെ അനുഗ്രഹത്തിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

പ്രതി : ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

പ്രതി : പീഡനങ്ങളിലും ചൂഷണങ്ങളിലും അകപ്പെടുന്ന കുട്ടികൾ, സുരക്ഷിതമല്ലാത്ത ഇടങ്ങളിൽ കഴിയേണ്ടിവരുന്ന സ്ത്രീകൾ, രോഗങ്ങളാൽ ഭാരപ്പെടുന്നവർ, ചികിത്സ ലഭ്യമാകാത്തവർ, സാമ്പത്തിക ഭാരത്താൽ വലയുന്നവർ, ഭിന്നലിംഗക്കാർ, വയോവൃദ്ധർ, ഏകാകികൾ, പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖിക്കുന്നവർ, അനാഥർ എന്നിവർക്കായി പ്രാർത്ഥിക്കുന്നു.

പ്രതി : ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ : കോവിഡ്-19 പ്രതിസന്ധിയിലായിരിക്കുന്ന മനുഷ്യരാശിയെ മുഴുവനായി ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കാം. രോഗികളായിരിക്കുന്നവരുടെ സൗഖ്യത്തിനായി അപേക്ഷിക്കാം. രോഗവ്യാപനം തടയുന്നതിനായി നടത്തുന്ന പരിശ്രമങ്ങളുടെ വിജയത്തിനായും ആരോഗ്യപ്രവർത്തകർക്കായും പ്രാർത്ഥിക്കാം. പ്രകൃതിക്ഷോഭങ്ങൾ മൂലവും കാലാവസ്ഥയുടെ കെടുതികൾ മൂലവും ദുരിതമനുഭവിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിക്കാം. മനസ്സലിവുള്ള ദൈവമേ അനുതാപ ഹൃദയത്തോടെ നിന്നെ വിളിച്ചപേക്ഷിക്കുന്ന ഞങ്ങളുടെ ദേശത്തിന് സൗഖ്യം നൽകി സഹായിക്കണമേ.

പ്രതി : ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

# സമർപ്പണ പ്രാർത്ഥന

**(എല്ലാവരും ചേർന്ന്)**

നിത്യനായ ദൈവമേ, ദൈവരാജ്യ ശുശ്രൂഷയ്ക്കായി, ലോകത്തിന്റെ സാന്ത്വനത്തിനായി, സമൂഹത്തിന്റെ മാറ്റത്തിനായി, സഭയുടെ വളർച്ചയ്ക്കായി സേവികാസംഘാംഗങ്ങളായ ഞങ്ങൾ ഞങ്ങളെ സമർപ്പിക്കുന്നു. അർപ്പണബോധത്തോടും പരസ്പര ബഹുമാനത്തോടും ക്രൈസ്തവ സാക്ഷ്യ ജീവിതം നയിക്കുവാൻ ഞങ്ങളേയും ഞങ്ങളുടെ കുടുംബങ്ങളേയും രൂപപ്പെടുത്തേണമേ. കാൽവറി ക്രൂശിലൂടെ വെളിപ്പെട്ട ദൈവസ്നേഹത്തിന്റെ ചാലകശക്തികളായി മാറുവാൻ ഞങ്ങളെ സമർപ്പിക്കുന്നു. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ പ്രചാരകരായി ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുവാനും ഞങ്ങളെ സമർപ്പിക്കുന്നു. ത്രിയേക ദൈവത്തിന്റെ നാമത്തിൽ ഞങ്ങളുടെ സമർപ്പണത്തെ സ്വീകരിക്കേണമേ, ആമേൻ..

ഒരുമിച്ചുള്ള സമർപ്പണത്തിനായി ക്രിസ്തീയ കീർത്തനങ്ങൾ 224-ാം ഗീതത്തിന്റെ 1,3,5,6 ചരണങ്ങൾ ഒരുമിച്ചു പാടാവുന്നതാണ്.

**MAR THOMA SUVISESHA SEVIKA SANGHOM**
**SEVIKA SANGHAM DAY**
2020 SEPTEMBER 13 SUNDAY
*(With the Permission of His Grace the Mar Thoma Metropolitan)*
---------------------------------------------------

ORDER OF WORSHIP

**SONG :**

**KAUMA :**

**PRAYER :** Lord of all creation, we glorify your name, as you are our God from everlasting to everlasting. We thank you for enabling us to love, care for and respect diversity amongst us, thereby participating in the building of thy kingdom through the activities of the church for the past 101 years. We thank you for the abiding presence of the Holy Spirit which revives us in our weaknesses. We pray that this Sevikasanghom day's worship may glorify your name. In Jesus' name we pray,
**Response**: Amen

## PRAYER OF CONFESSION

*"My sacrifice, O God, is a broken spirit; a broken and contrite heart you, God, will not despise." (Psalms 51:17)*

**Response to the prayers below shall be*: "Lord, have mercy on us and forgive us"***

**Leader:** *Then have them make a sanctuary for me, and I will dwell among them. (Exodus 25:8)*
Gracious God, though you expected us to be your holy temples in the social structure, we have forgotten that we were called and chosen for it. This shortcoming of ours…
**Response : *Lord, have mercy on us and forgive us***

**Leader :** *Take warning, Jerusalem, or I will turn away from you and make your land desolate so no one can live in it. (Jeremiah 6:8)*

Although we are aware that women are equal partners in the ministry of the Lord's Kingdom, we have been highlighting our limitations to keep away from Kingdom works. We have disregarded the discipleship of Christ and deliberately rejected His teachings. These shortcomings of ours…

**Response : *Lord, have mercy on us and forgive us***

**Leader :** *To the weak I became weak, to win the weak. I have become all things to all people so that by all possible means I might save some.*

*(1Corinthians 9:22).*

Though we know that women should function as change agents in society, we have not acted accordingly. We have strived for our personal benefits and upliftment without caring for the weak. We have failed to empower the downtrodden and be a comfort to the ailing. These shortcomings of ours…

**Response : *Lord, have mercy on us and forgive us***

## PRAYER OF THANKSGIVING

*"Praise the Lord. I will extol the Lord with all my heart in the council of the upright and in the assembly" (Psalms 111:1)*

**We shall sing *"Nin mahaa kripaykkay ninne njan sthuthicheedumennum" as* our response to the prayers below**

**Leader:** O Lord, we are thankful *for* the universal Christian church and especially for the Malankara Mar Thoma Syrian Church that has instilled in us the pure gospel, true teachings, righteousness and ethics which enabled our faith formation and spiritual nourishment. We are thankful *for* our Leaders the Most Rev. Joseph Mar Thoma Metropolitan Tirumeni, Valiya Metropolitan Tirumeni, Suffragan Metropolitan Thirumeni, Bishops, Priests, Evangelists, Sunday school teachers, and Parents and *for* the spiritual grace we receive through them. …

**Response: *Nin mahaa kripaykkay ninne njan sthuthicheedumennum***

**Leader**: O Lord, we thank you *for* calling and setting apart the Mar Thoma Suvishesha Sevika Sanghom, to be an instrument of social change by means of proclamation of the gospel. We thank you *for* the selfless hard work of our fore mothers and all the great women who are now working in various places to the fullest of their capacity to be the driving force for change so as to enlighten the world.

**Response: *Nin mahaa kripaykkay ninne njan sthuthicheedumennum***

**Leader**: Lord, we are thankful *for* all the health care workers, law enforcers and defense personnel and their family members who work for our comfort and well being. We are thankful for all the women who are involved in social development.

We thank you *for* the love of God, mercy and relief we experience through their effort.
**Response:** ***Nin mahaa kripaykkay ninne njan sthuthicheedumennum***

### *PRAYER OF INTERCESSION*

*"Remember the nation you purchased long ago, the people of your inheritance, whom you redeemed— Mount Zion, where you dwelt (Psalms74:2)*

**Response to the prayers below shall be*: "Lord, please answer our prayers"***

**Leader**: O Lord, who created man and breathed life into him, help us to accept diversity amongst us and to function with mutual respect and care. We pray for all the women empowerment organizations that strive for this, especially Malankara Marthoma Suvishesha Sevika Sanghom, and its president Rt. Rev. Dr. Abraham Mar Paulose Thirumeni, the Vice President, General Secretary, Treasurer, Managing Committee Members, Sevinis, Office staff, Diocese, Centre, Zone and Shakha Office Bearers and Sevika Sanghom members.
**Response:** ***Lord, please answer our prayers***

**Leader**: We pray for the blessed conduct of the diversified ministries of the Sevika Sanghom. We entrust into your hands the activities of the Vanitha Mandiram, Salem Bhavanam, Baalika Bhavan, Snehatheeram Half-Way Home, Sthreejana Vikasana Samithi, Nursery Teachers' Training School, K.G and U.P. School, Ashrams, Hostels, Nursery School, Vishranthi Bhavan, the various programmes conducted at the mission fields at Anakkara, Nilamboor, Mookkuthala and Neduvaloor, Tailoring Centre, Vanitabodhini, and Kudumbajyothi and pray for your blessings upon these.

**Response:** ***Lord, please answer our prayers***

**Leader**: We pray for children trapped in torture and exploitation, women working in unsafe circumstances, those tormented by ailments, those who are unable to get medical treatment, those suffering from financial hardships, transgenders, the elderly, the lonely, the bereaved and the orphaned.

**Response:** ***Lord, please answer our prayers***

**Leader:** Let us submit the entire human race that has been affected by the Covid-19 pandemic into God's hands and pray. Let us pray for a healing for those who have been infected. Let us pray for the success of efforts to contain the spread of the disease. Let us pray for our health care personnel. Let us also pray for those who have been affected by natural disasters and climate related calamities. Compassionate Lord, as we call upon you with a repentant heart please help us and heal our nation.

**Response:** ***Lord, please answer our prayers***

## **PRAYER OF DEDICATION** (All together)

Eternal Lord, we, the members of the Sevika Sanghom, dedicate ourselves for the ministry of God's kingdom, consolation of the world, development of the society and growth of the church. Help us and our families to lead a Christian witnessing life with dedication and mutual respect. We submit ourselves to act as the channels of God's love which was revealed at the cross at Calvary. We also dedicate ourselves to be proponents of the Church which is the body of Christ and to let our light shine before others. Accept our dedication in the name of the triune God, Amen

[The stanzas 1, 3, 5 & 6 of Song 224 of Christheeya Keerthanangal can be sung together for common dedication]

## എങ്ങനെ സേവികാസംഘത്തെ നിങ്ങൾക്ക് സഹായിക്കാം

- പ്രാർത്ഥിക്കുന്നതിലൂടെ...
- സൗജന്യദാനം, ഡപ്പിപിരിവ്, വാർഷികപിരിവ്, ബാഹ്യകേരളമിഷൻ പിരിവ്, എന്നിവ ഗണ്യമായി വർദ്ധിപ്പിച്ച് നൽകുന്നതിലൂടെ....
- കേന്ദ്രത്തിനു വേണ്ടി ശാഖയിൽ ശേഖരിക്കുന്ന തുക മുഴുവൻ കേന്ദ്രത്തിൽ നൽകുന്നതിലൂടെ...
- കെ.ജി.& യു.പി. സ്കൂളിലെ കുട്ടികളെ സ്പോൺസർ ചെയ്യുന്നതിലൂടെ...
  ഒരു കുട്ടിക്ക് ഒരു വർഷം: 10,000 രൂപ
- വിശ്രാന്തിഭവനിൽ താമസിക്കുന്ന കൊച്ചമ്മമാരുടെ മെഡിക്കൽ ഫണ്ടിലേക്ക് സംഭാവന നൽകുന്നതിലൂടെ
- സ്ത്രീജന വികസന സമിതിയുടെ വിവിധ യൂണിറ്റിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ ഫണ്ടിലേക്ക് സംഭാവന നൽകുന്നതിലൂടെ...
- വിവിധ സ്ഥാപനകൾക്കായി എൻഡോവ്മെന്റുകൾ ഏർപ്പെടുത്തുന്നതിലൂടെ...
- വനിതാബോധിനിയുടെ വരിക്കാരാകുന്നതിലൂടെ...
- വനിതാബോധിനിയുടെ ഒരു ലക്കം സ്പോൺസർ ചെയ്യുന്നതിലൂടെ...
  (ഇന്ത്യയിൽ 50,000/–, വിദേശത്തുള്ളവർക്ക് 75,000/–)
- വിവിധ സ്ഥാപനകളിൽ ചുരുങ്ങിയ കാലയളവിലേക്ക് എങ്കിലും സന്നദ്ധസേവനം നൽകുന്നതിലൂടെ...
- A Rupee A Day യിൽ പങ്കാളികളാകാത്തവർ അതിൽ പങ്കുചേരുന്നതിലൂടെ സാക്ഷ്യ പദ്ധതിയെ പ്രോത്സാഹിപ്പിക്കാം....
- വനിതാമന്ദിരം, ഒറാനാ ഹൗസ്, ഡോർമിറ്ററി, മെസ് ഹാൾ, ചാപ്പൽ തുടങ്ങിയവയുടെ പുനർനിർമ്മാണത്തിൽ പ്രാർത്ഥനാപൂർവ്വമായ സഹായസഹകരണങ്ങൾ നൽകുന്നതിലൂടെ....
- നവീകരിക്കപ്പെട്ട കെട്ടിടങ്ങൾ ക്യാമ്പുകൾക്കും, കോൺഫ്രൻസുകൾക്കും ഉപയോഗപ്പെടുത്തുന്നതിലൂടെ...

**Bank Account Details : Federal Bank, Thiruvalla**
**Account Name: Mar Thoma Sevika Sanghom**
**A/c No. 10290100003339, IFSC Code. FDRL 0001029**

**FCRA A/c**
**Account Name : Mar Thoma Sevika Sanghom**
**FCRA Account No : 10290100053177, SWIFT Code : FDRLINBBIBD**
**Bank Branch Address : The Federal Bank,**
**PB.No. 19, M.C Road, Thiruvalla,India- 689 101**
**e. Bank E-mail ID : tla@federalbank.co.in)**

# മാർത്തോമ്മാ സുവിശേഷ സേവികാസംഘം

1919 – 2020

**സേവികാസംഘദിനം: 2020 സെപ്റ്റംബർ 13**
**സേവികാസംഘവാരം: 2020 സെപ്റ്റംബർ 7–13**




**വിഷയം: സ്ത്രീകൾ : മാറ്റത്തിനു വഴി ഒരുക്കുന്നവർ (വി.യോഹ. 4:27–30)**

## സംഘവാര പരിപാടികൾ

- പ്രാർത്ഥനയ്ക്കും വേദപഠനത്തിനും സമയം വേർതിരിക്കുക.
- സ്ത്രീകൾ: മാറ്റത്തിന് വഴി ഒരുക്കുന്നവർ എന്ന വിഷയം ആസ്പദമാക്കി ക്ലാസ്സുകൾ ക്രമീകരിക്കുക.
- Online കൂട്ടായ്മകൾ ക്രമീകരിക്കുക.
- Young Women's Fellowship ന്റെ ശാഖയിലെ പ്രവർത്തനങ്ങൾ സജീവമാക്കുക.
- മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവത്ക്കരണ പരിപാടികൾ ക്രമീകരിക്കുക.
- നിശബ്ദരാക്കപ്പെട്ട സ്ത്രീകളുടെ വിടുതലും ഉന്നമനവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ പങ്കുചേരുക.
- കോവിഡ് പശ്ചാത്തലത്തിൽ പ്രകൃതി ജീവനം, ആരോഗ്യപരിപാലനം, പരിസ്ഥിതി സൗഹൃദ ജീവിതശൈലി പ്രോത്സാഹിപ്പിക്കുക.
- പച്ചക്കറികൾ, ഔഷധസസ്യങ്ങൾ നട്ടുപരിപാലിക്കുക.
- ഓരോ ഭവനത്തിലും കുറഞ്ഞത് ഒരു ഫലവൃക്ഷത്തെ നട്ട് പരിപാലിക്കുക.

### പ്രവർത്തന മേഖലകൾ

| | |
|---|---|
| ശാഖകൾ | 1000 |
| സെന്ററുകൾ | 87 |
| ഭദ്രാസനങ്ങൾ | 13 |
| സുവിശേഷ പ്രവർത്തകർ | 20 |
| വേലസ്ഥലങ്ങൾ | 15 |

### ഭാരവാഹികൾ

| | |
|---|---|
| പ്രസിഡന്റ് : | റൈറ്റ് റവ. ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ |
| വൈസ് പ്രസിഡന്റ് : | ശ്രീമതി. മേരിക്കുട്ടി ജോർജ് |
| ജനറൽ സെക്രട്ടറി : | ശ്രീമതി മിനി ജോയ്സ് തോമസ് |
| ട്രഷറാർ : | ശ്രീമതി. മിനി റ്റി. അലക്സ് |

## ആരംഭം

1900ൽ സഭയിൽ ഉണ്ടായ ആത്മീയ ഉണർവ്വ് പുരുഷന്മാരോടൊപ്പം സ്ത്രീകളേയും ആദ്ധ്യാത്മികമായി പ്രബുദ്ധരാക്കി. സ്ത്രീകളുടെ നൈസ്സർഗികമായ കഴിവുകൾ സഭയുടെ പരിപോഷണത്തിനും സാക്ഷ്യത്തിനുമായി ഉപയോഗിക്കുവാൻ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്ത ആരംഭിച്ച പ്രവർത്തനങ്ങൾ സ്ത്രീകൾക്കായി ഒരു പ്രത്യേക സംഘടന രൂപീകരിക്കുന്നതിന് അവസരം ഒരുക്കി. അങ്ങനെ 1919 ഫെബ്രുവരിയിൽ നടന്ന മാരാമൺ കൺവൻഷനിലെ വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് ചേർന്ന സ്ത്രീകളുടെ മഹായോഗത്തിൽ മാർത്തോമ്മാ സുവിശേഷ സേവികാ സംഘം സ്ഥാപിതമായി. 2018–2019 ശതാബ്ദി വർഷമായി ആചരിച്ചു. 2019 ഫെബ്രുവരി 9ന് മാരാമൺ കൺവൻഷനിൽ സേവികാ സംഘം ശതാബ്ദി സമാപന സമ്മേളനം ലോക മാർത്തോമ്മാ വനിതാ സംഗമമായി ആഘോഷിച്ചു.

### ശതാബ്ദി സ്മാരക സാമൂഹ്യക്ഷേമ പദ്ധതി– സാക്ഷ്യ

ദൈവസ്നേഹത്തിന്റേയും സാമൂഹ്യപ്രതിബദ്ധതയുടേയും സാക്ഷ്യചിഹ്നമായി വിവിധ പദ്ധതികളുടെ ഒത്തുചേരൽ– വൈദ്യസഹായം, വിദ്യാഭ്യാസ സഹായം, വിവാഹസഹായം നൽകി. തൊഴിൽ, ലൈംഗിക ചൂഷണങ്ങളിൽ അകപ്പെട്ടുപോയ സ്ത്രീകളുടെ വിടുതലും ഉന്നമനവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനം ആരംഭിച്ചു. ഭവനനിർമ്മാണം, തെള്ളിയൂരിൽ പ്രത്യാശാനിലയം (ക്ലിനിക്കും തൊഴിൽ പരിശീലന കേന്ദ്രവും) നിർമ്മാണം പുരോഗമിക്കുന്നു.

**ഭരണ സംവിധാനം:** 18 വയസ്സിനുമേൽ പ്രായമുള്ള എല്ലാ സ്ത്രീകളും അംഗങ്ങളാണ്. എപ്പിസ്കോപ്പൽ സിനഡ് നിയോഗിക്കുന്ന ഒരു എപ്പിസ്കോപ്പ പ്രസിഡന്റായിരിക്കും. വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറാർ എന്നിവരെ മൂന്നു വർഷത്തിലൊരിക്കൽ പൊതുയോഗം തെരഞ്ഞെടുക്കുന്നു.

**മാനേജിംഗ് കമ്മിറ്റി:** ഔദ്യോഗിക ഭാരവാഹികളെ കൂടാതെ ഓരോ ഭദ്രാസനത്തേയും പ്രതിനിധീകരിക്കുവാൻ ഭദ്രാസന സെക്രട്ടറി ഉൾപ്പെടെ മൂന്നു പ്രതിനിധികൾ, പുതിയ ഇടവകകളുടെ ഒരു പ്രതിനിധി, മുൻ ജനറൽ സെക്രട്ടറി എന്നിവർ ഉൾപ്പെടുന്നു.

**ധനാഗമ മാർഗ്ഗങ്ങൾ:** വിവിധ പിരിവുകൾ (സൗജന്യദാനം, ഡപ്പിപിരിവ്, വാർഷിക പിരിവ്, ബാഹ്യകേരളമിഷൻ പിരിവ്), സംഭാവനകൾ, A Rupee A Day, എൻഡോവ്മെന്റുകൾ.

**സേവികാസംഘദിനം:** സെപ്റ്റംബർ 2–ാം ഞായർ. അതിനു മുമ്പ് വരുന്ന ഒരാഴ്ച സേവികാസംഘവാരം.

**സുവിശേഷ പ്രവർത്തനം:** വനിതാമന്ദിരത്തിലും വൈദിക സെമിനാരികളിലും പരിശീലനം ലഭിച്ച 20 പേർ സംഘത്തിന്റെ പൂർണ്ണസമയ സുവിശേഷ പ്രവർത്തകരായി മിഷൻഫീൽഡുകളിലും സ്ഥാപനകളിലും പ്രവർത്തിക്കുന്നു.

**മിഷൻഫീൽഡുകൾ:** മൂക്കുതല, കുമളി, നെടുവാലൂർ, നിലമ്പൂർ. എരുമയൂരിൽ നേഴ്സറി സ്കൂളും തമിഴ്നാട്ടിലെ ഉദുമൽപ്പേട്ടയിൽ സുവിശേഷപ്രസംഗ സംഘവുമായി സഹകരിച്ച് തയ്യൽ സ്കൂളും നടത്തുന്നു.

## ആശ്രമങ്ങൾ

**തിരുവല്ല ആശ്രമം:** സേവികാസംഘം ക്യാമ്പസിൽ സ്ഥിതി ചെയ്യുന്ന ആശ്രമം പൂർണ്ണസമയ പ്രവർത്തകരുടെ വിശ്രമകേന്ദ്രമാണ്. സംഘം പ്രവർത്തകർ ചികിത്സാർത്ഥം വിശ്രമിക്കുന്നതും പ്രവർത്തനകാലഘട്ടത്തിലെ ഇടവേളകളിൽ വന്നു പാർക്കുന്നതും ഇവിടെയാണ്.

ഇലന്തൂരിൽ ശാന്തി ആശ്രമം പ്രവർത്തിക്കുന്നു.

**വിശ്രാന്തിഭവൻ:** സജീവസേവനത്തിൽ നിന്നും വിരമിക്കുന്ന പൂർണ്ണസമയ പ്രവർത്തകർക്കായി 1986ൽ മഞ്ഞാടിയിൽ സ്ഥാപിച്ചു. ഇപ്പോൾ 7 പേർ താമസിച്ച് വിശ്രമജീവിതം നയിക്കുന്നു.

## ക്രിസ്തീയ പരിശീലനം

**വനിതാമന്ദിരം:** ഉത്തമകുടുംബജീവിതത്തിനും സുവിശേഷ വേലയ്ക്കും യുവതികളെ പരിശീലിപ്പിക്കുന്നതിന് വേണ്ടി 1925–ൽ സ്ഥാപിച്ചു. ഹ്രസ്വകാല ഡിപ്ലോമാ കോഴ്സുകൾ, ബെറ്റർ ഹോം ട്രെയിനിംഗ് പ്രോഗ്രാം നടത്തപ്പെടുന്നു. എല്ലാ മാസത്തിന്റേയും ആദ്യ ബുധനാഴ്ച മദ്ധ്യസ്ഥ പ്രാർത്ഥനയും ധ്യാനയോഗവും നടത്തുന്നു. എല്ലാ മൂന്നാം ചൊവ്വാഴ്ചയും നടത്തുന്ന ഒരു വർഷത്തെ (12 ക്ലാസ്) സർട്ടിഫിക്കറ്റ് കോഴ്സും ക്രമീകരിക്കുന്നു, എക്സ്റ്റൻഷൻ പ്രോഗ്രാമിന്റെ ഭാഗമായി മല്ലപ്പള്ളി ഈസ്റ്റ് & വെസ്റ്റ് സെന്ററിൽ ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തപ്പെടുന്നു.

**പ്രീമാരിറ്റൽ കൗൺസിലിംഗ് കോഴ്സ്:** മെയ്, നവംബർ മാസങ്ങളിൽ നടത്തുന്നു.

**കാണ്ടമ്മ മെമ്മോറിയൽ പഠനകേന്ദ്രം:** വനിതാമന്ദിരത്തിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് 2000–ൽ സ്ഥാപിക്കപ്പെട്ടു. എല്ലാ വർഷവും കാണ്ടമ്മ അനുസ്മരണ പ്രഭാഷണം നടത്തുന്നു. ദൈവശാസ്ത്ര അഭ്യസനം പൂർത്തിയാക്കിയ മാർത്തോമ്മാ സഭയിലെ സ്ത്രീകൾക്കായുള്ള സമ്മേളനം, പുസ്തക പ്രസിദ്ധീകരണം (ഇതിനകം മലയാളത്തിൽ ഏഴും ഇംഗ്ലീഷിൽ മൂന്നും പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു). 'വചന ദീപ്തി ' ഓഡിയോ മെഡിറ്റേഷൻസ് പുസ്തകമായി പ്രസിദ്ധീകരിക്കുന്നതിനുള്ള ക്രമീകരണം ചെയ്യുന്നു. 10,+2 ക്ലാസ്സുകളിലെ പഠനം പൂർത്തിയാക്കിയ പെൺകുട്ടികൾക്കായുള്ള വ്യക്തിത്വ വികസന ശില്പശാല– 'ബ്ലൂം ഫെസ്റ്റ് ' എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

**കെല്ലവെ മെമ്മോറിയൽ ലൈബ്രറി:** വനിതാമന്ദിരത്തിന്റെ പ്രഥമ പ്രിൻസിപ്പലായിരുന്ന മിസ്സ്. കെല്ലവെ മാർത്തോമ്മാ സുവിശേഷ സേവികാസംഘത്തിനു ചെയ്ത സേവനങ്ങളുടെ സ്മരണാർത്ഥം സ്ഥാപിതമായി. വനിതാമന്ദിരത്തിലെ അഭ്യസനാർത്ഥികൾക്കും സേവികാസംഘാംഗങ്ങൾക്കും വിജ്ഞാനമേഖല വിസ്തൃതമാക്കുന്നതിന് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

## സാമൂഹ്യ പ്രവർത്തനം

**ശാലേം ഭവനം തിരുവല്ല:** അനാഥരായ കുട്ടികളുടെ പുനരധിവാസത്തിനായി 1923–ൽ സ്ഥാപിച്ചു. 138 പേർ കുടുംബസ്ഥരായി ലോകത്തിന്റെ പലഭാഗങ്ങളിൽ താമസിക്കുന്നു. ഇപ്പോൾ 11 പേർ ശാലേമിൽ താമസിക്കുന്നു. ഭാഗ്യസ്മരണീയനായ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ ജന്മദിനമായ ആഗസ്റ്റ് 7, വർഷം തോറും ശാലേംദിനമായി കൊണ്ടാടുന്നു.

**ബാലികാഭവൻ:** സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി 1979–ൽ സ്ഥാപിച്ചു. ഒന്നാം ക്ലാസ്സ് മുതൽ 12–ാം ക്ലാസ്സ് വരെ 30 കുട്ടികളും, ബി.എസ്.സി നേഴ്സിംഗിനും ബി.എഡിനും ഓരോ വിദ്യാർത്ഥിനികളും പഠിക്കുന്നു.

**സ്നേഹതീരം ഹാഫ്‌വേ ഹോം ഇലന്തൂർ:** ചികിത്സയിൽ കഴിയുന്ന മാനസിക രോഗികളായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി 2005–ൽ സ്ഥാപിതമായി. ഇപ്പോൾ 7 സ്ത്രീകൾ താമസിച്ച് സൗഖ്യജീവിതം നയിച്ചുകൊണ്ടിരിക്കുന്നു.

**വനിതാഹോസ്റ്റലുകൾ:** ഭവനങ്ങളിൽ നിന്നും ജോലിക്കും വിദ്യാഭ്യാസത്തിനുമായി വിദൂര സ്ഥലങ്ങളിലേക്ക് പോകേണ്ടി വരുന്ന യുവതികൾക്ക് സുരക്ഷിതമായ താമസസൗകര്യം നൽകുന്നു. മൂന്ന് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു.

1. **കൊട്ടാരക്കര വനിതാഹോസ്റ്റൽ:** മാർത്തോമ്മാ എപ്പിസ്കോപ്പൽ ജൂബിലി മന്ദിരം കോമ്പൗണ്ടിനോടു ചേർന്ന് സ്ഥിതി ചെയ്യുന്നു.
2. വിശ്രാന്തിഭവൻ ഹോസ്റ്റൽ തിരുവല്ല
3. പാലക്കാട് എരുമയൂർ ജ്യോതിനിലയം ഹോസ്റ്റൽ

## വിദ്യാഭ്യാസ പ്രവർത്തനം

**കെ.ജി.& യു.പി. സ്കൂൾ മഞ്ഞാടി :** 1953–ൽ സ്ഥാപിതമായി. സ്കൂളിൽ 80 വിദ്യാർത്ഥികൾ പഠിക്കുന്നു. 11 പേർ അദ്ധ്യാപകരായി സേവനം അനുഷ്ഠിക്കുന്നു.

**പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ :** ഗവൺമെന്റ് അംഗീകാരമുള്ള പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ മഞ്ഞാടിയിൽ പ്രവർത്തിക്കുന്നു.

**കുടുംബജ്യോതി കൗൺസിലിംഗ് സെന്റർ മഞ്ഞാടി:** ശാരീരികമായും മാനസികമായും പീഡനത്തിനു വിധേയരാകുന്ന സ്ത്രീകൾക്കു വേണ്ടി കൗൺസിലിംഗും നിയമോപദേശവും നൽകുന്നതോടൊപ്പം ബോധവത്കരണ ക്ലാസ്സുകളും നടത്തുന്നു.

**പ്ലാറ്റിനം ജൂബിലി ഹാൾ മഞ്ഞാടി:** കോൺഫ്രൻസുകൾ, സെമിനാറുകൾ, മറ്റു പൊതുപരിപാടികൾ എന്നിവ നടത്തുന്നതിന് ഉപയോഗിക്കുന്നു.

## പ്രസിദ്ധീകരണം

**വനിതാബോധിനി:** 1979–ൽ പ്രസിദ്ധീകരണം ആരംഭിച്ചു. സേവികാസംഘത്തിന്റെ മുഖപത്രമാണ്. സേവികാസംഘവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ വനിതാബോധിനിയിലൂടെ നൽകുന്നു. വാർഷിക വരിസംഖ്യ: 150/–രൂപ, ആയുഷ്കാല വരിസംഖ്യ: 1500/–രൂപ

## വികസന പ്രവർത്തനങ്ങൾ

**തയ്യൽവിഭാഗം:** ദേവാലയങ്ങളിലേക്ക് ആവശ്യമായ വിരിക്കൂട്ട്, കാപ്പ, ശോശപ്പ, കുപ്പായം എന്നിവ കൂടാതെ മാസ്ക്കുകൾ, വിവിധതരം ബാഗുകൾ, നൈറ്റികൾ എന്നിവ ഓർഡർ പ്രകാരം തയ്ച്ചുകൊടുക്കുന്നു. തയ്യൽ പരിശീലനവും നൽകുന്നു.

## സ്ത്രീജന വികസന സമിതി (എസ്.വി.എസ്)

**ലഹാമ ബേക്കറി & കറിപൗഡർ യൂണിറ്റ്:** ശുദ്ധമായ കറിപൗഡറുകൾ തയ്യാറാക്കുന്നു. ബിസ്ക്കറ്റ്, റൊട്ടി, കേക്ക്, പഫ്സ് ആദിയായവ ഉല്പാദിപ്പിക്കുന്നു.

**കാൻസ് യൂണിറ്റ്:** കുർബ്ബാന അപ്പം, വീഞ്ഞ്

**സ്നാക്ക് സെന്റർ:** തിരുവല്ല ടൗണിൽ വരുന്നവർക്ക് ഗുണമേന്മയുള്ള ഭക്ഷണം നൽകുന്നതിനൊപ്പം പൊതുജനങ്ങളെ സേവികാസംഘവുമായി ബന്ധിപ്പിക്കുന്നു.

**പ്രിന്റിംഗ് പ്രസ്സ്:** ഓഫ്സെറ്റ്, സ്ക്രീൻ പ്രിന്റിംഗ്, ഡി.റ്റി.പി., അച്ചടി ജോലികൾ മുതലായവ നിർവ്വഹിക്കുന്നു.

**തുടർപഠനപരമ്പര:** 'മാർത്തോമ്മാ സഭ തുടക്കവും തുടർച്ചയും'
**പഠനവിഷയം:** 'പ്രതിസന്ധികളും അതിജീവനവും യേശുവിനോടൊപ്പം'
(2020–2021)
**കലാമത്സരം:** **ബൈബിൾ ക്വിസ്:** എസ്ഥേർ, വി.മത്തായി (75%)
ബൈബിൾ പൊതുവിജ്ഞാനം, സേവികാസംഘ ചരിത്രം (25%)